**അടിയന്തരപ്രമേയ നോട്ടീസ്**

<u>സ്വർണക്കള്ളക്കടത്ത് കേസ്</u>

<u>മി. സ്പീക്കർ</u>: കസ്റ്റംസ് നിയമത്തിലെ 124-ാം വകുപ്പുപ്രകാരം ഡോളർ കടത്തുകേസിലെ പ്രതികൾക്ക് നൽകിയ നോട്ടീസിലൂടെ പുറത്തുവന്ന ചില പരാമർശങ്ങളെയും പ്രസ്തുത പ്രതികൾ നൽകിയതായി പറയപ്പെടുന്ന മൊഴികളെയും സംബന്ധിച്ചുള്ള കാര്യത്തെക്കുറിച്ചാണ് ചട്ടം 50 പ്രകാരം ഇന്ന് ലഭിച്ചിരിക്കുന്ന നോട്ടീസിൽ പറയുന്നത്. അത്തരത്തിൽ നൽകിയതായി പറയപ്പെടുന്ന മൊഴികളുടെ അടിസ്ഥാനത്തിൽ മാത്രം സഭയിൽ ഒരു ചർച്ച നടത്തുന്നത് ഉചിതമായിരിക്കില്ലെന്നാണ് കാണുന്നത്. മാത്രവുമല്ല, നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന വിഷയത്തിന് അടിസ്ഥാനമായിട്ടുള്ള കാര്യങ്ങൾ PMLA (Prevention of Money Laundering Act) കോടതിയുടെ പരിഗണനയിലാണെന്നാണ് ചെയർ മനസ്സിലാക്കുന്നത്. അനുബന്ധ കേസുകൾ വിവിധ തലങ്ങളിൽ സെഷൻസ് കോടതി, ഹൈക്കോടതി, സുപ്രീം കോടതി എന്നിവയുടെ പരിഗണനയിൽ വിവിധ സ്റ്റേജുകളിലായി നിലനിൽക്കുന്നതായും കാണുന്നു. മേൽ സൂചിപ്പിച്ച കാരണങ്ങളുടെ അടിസ്ഥാനത്തിലും ചട്ടം 52(7)-ന്റെ പരിധിയിൽ ഈ

വിഷയം വരുമെന്നതിനാലും നോട്ടീസിന് അനുമതി നൽകാൻ കഴിയില്ലെന്ന് അറിയിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സമാനമായ നിരവധി നോട്ടീസുകൾ ഈ നിയമസഭ ചർച്ച ചെയ്തിട്ടുണ്ട്. കഴിഞ്ഞ നിയമസഭയിലും അതിനുമുമ്പുള്ള സഭയിലുമെല്ലാം നിരവധി കാര്യങ്ങൾ സംസാരിച്ചതിന്റെ പ്രീസിഡൻസ് ഉണ്ട്. 23-07-2007-ൽ കേരള പ്രൈവറ്റ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ എം.ബി.ബി.എസ്. എൻട്രൻസ് പരീക്ഷയ്ക്ക് പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നൽകിയ കേസിൽ 20-07-2007-ൽ കോടതി നടത്തിയ നിരീക്ഷണം സംബന്ധിച്ച്, കേസ് വീണ്ടും പരിഗണിക്കുന്ന ദിവസംതന്നെ ഇവിടെ അനുവദിച്ചു. 11-12-2012-ൽ രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ വിജിലൻസിനെ ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച വിഷയം ഇവിടെ അവതരിപ്പിച്ചു. 24-07-2015-ൽ അഡ്വക്കേറ്റ് ജനറൽ ഓഫീസ് അടച്ചുപൂട്ടണമെന്നുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിമർശനം ഹൈക്കോടതിയിൽ കേസ് പെൻഡിംഗായിരുന്നപ്പോൾ ഇവിടെ അനുവദിച്ചു.

22-08-2017-ൽ സ്വാശ്രയ പ്രശ്നത്തിൽ സർക്കാരും എൻട്രൻസ് കമ്മീഷണറും ആർക്കൊപ്പം എന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശത്തിന്റെ പുറത്ത്, കോടതിയിൽ കേസിരിക്കുന്ന സമയത്ത് ഇവിടെ അനുവദിച്ചു. 28-11-2018-ൽ ശബരിമല വിധിയുമായി ബന്ധപ്പെട്ട റിവ്യൂ ഹർജി 22-01-2019-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പരിഗണിക്കാനിരിക്കെ ഇവിടെ ചർച്ച ചെയ്തു. 26-07-2021-ൽ കൊടകര കുഴൽപ്പണ കേസ് അന്വേഷണം നടന്നുകൊണ്ടിരിക്കുന്ന സമയത്ത് കുറ്റപത്രം സമർപ്പിക്കുന്നതിനുമുമ്പ് ഇവിടെ ചർച്ച ചെയ്യപ്പെട്ടു. അന്വേഷണത്തിന്റെ ഘട്ടത്തിലും കോടതിയിൽ വിചാരണയിലുള്ള വേളയിലും ബഹുമാനപ്പെട്ട ഹൈക്കോടതിയും സുപ്രീം കോടതിയും പരാമർശം നടത്തിയതിന്റെ പേരിലുമെല്ലാം ഇവിടെ നോട്ടീസ് കൊടുത്ത് പരിഗണനയ്ക്കെടുത്തിട്ടുള്ള സമാനമായ നിരവധി സംഭവങ്ങളുണ്ട്. (ഞാൻ എല്ലാം എടുത്തിട്ടില്ല). അത്തരം പശ്ചാത്തലത്തിൽ ഇന്ന് വളരെ നിർണായകമായ ഒരു കാര്യമാണ് ഞങ്ങൾ നോട്ടീസിലൂടെ തന്നിരിക്കുന്നത്. കേന്ദ്ര അന്വേഷണ ഏജൻസിയുടെ show cause നോട്ടീസിൽ ഒരു കേസിലെ പ്രതിയുടെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായ പരാമർശം ഇന്നലെ പുറത്ത് വന്നിരിക്കുകയാണ്.

നോട്ടീസ് അയച്ചത് 29-ാം തീയതിയാണ്, ഇന്നലെയാണ് അത് പുറത്തുവന്നത്. ആ കാര്യം ഈ സഭയിൽ ചർച്ച ചെയ്തില്ലെങ്കിൽ പിന്നെവിടെ പോയി ചർച്ച ചെയ്യും. നിയമസഭയിൽ ഈ വിഷയം ചർച്ചയ്ക്ക് വരുമ്പോൾ തീർച്ചയായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തന്റെ നിരപരാധിത്വം തെളിയിക്കാനുള്ള ഒരു അവസരം കൂടിയല്ലേ ഉണ്ടാകുന്നത്. അദ്ദേഹം തെറ്റ് ചെയ്തിട്ടില്ലെങ്കിൽ ആ തെറ്റ് ഞാൻ ചെയ്തിട്ടില്ല എന്ന് പറയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സർക്കാരിനും കിട്ടുന്ന ഒരു അവസരമല്ലേയിത്. ഈ കീഴ്വഴക്കങ്ങളുടെ പശ്ചാത്തലത്തിൽ അത് അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കീഴ്വഴക്കങ്ങളും ചട്ടങ്ങളും തമ്മിലുള്ള ബന്ധത്തിൽ ചട്ടങ്ങളുടെ ആധികാരികത പലതവണ ഉന്നത നീതിപീഠം ഉൾപ്പെടെ ഉയർത്തിപ്പിടിച്ചിട്ടുള്ളതാണ്. ഇവിടെ ചട്ടം വളരെ വ്യക്തമാണ്. "ഇൻഡ്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമകോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി പ്രമേയത്തിൽ പ്രതിപാദിക്കാൻ പാടുള്ളതല്ല:" എന്ന് ചട്ടം 52(vii)-ൽ കൃത്യമായി

പറയുന്നുണ്ട്. ഈ ചട്ടത്തിൽ പറയുന്നതിന് പൂർണമായും വിരുദ്ധമായ ഒരു നോട്ടീസാണ് ഇപ്പോൾ പരിഗണനയ്ക്ക് വന്നിട്ടുള്ളത്. കോടതിയുടെ മാത്രമല്ല, "നീതിന്യായപരമോ അർദ്ധനീതിന്യായപരമോ ആയ ഏതെങ്കിലും കൃത്യം നിർവ്വഹിക്കുന്ന ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി ട്രൈബ്യൂണലിന്റെയോ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയുടേയോ അഥവാ ഏതെങ്കിലും സംഗതിയെപ്പറ്റി അന്വേഷിക്കുന്നതിനോ അന്വേഷണ വിചാരണ നടത്തുന്നതിനോ നിയമിക്കപ്പെട്ട ഏതെങ്കിലും കമ്മീഷന്റെയോ പരിഗണനയിലുള്ള കാര്യങ്ങൾപോലും അനുവദിക്കാൻ പാടില്ല" എന്നാണ് ചട്ടം 53-ൽ പറയുന്നത്. Rules and Acts cannot be overruled by precedence എന്നത് പല തവണ ബഹുമാനപ്പെട്ട സുപ്രീം കോടതി ആധികാരികമായി പറഞ്ഞിട്ടുള്ള കാര്യമാണ്. 124-ാം വകുപ്പുപ്രകാരം ചില വ്യക്തികൾ നൽകിയിട്ടുള്ള കാരണം കാണിക്കൽ നോട്ടീസിന്റെ ഭാഗമാണ് നോട്ടീസിൽ പ്രതിപാദിച്ചതായി കാണുന്നത്. "......വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതും വ്യക്തികളുടെ ഔദ്യോഗിക നിലയിലോ, പൊതുകാര്യ നിലയിലോ അല്ലാതെയുള്ള അവരുടെ സ്വഭാവത്തെയോ നടപടിയെയോകുറിച്ച്

പരാമർശിക്കാൻ പാടില്ലാത്തതുമാകുന്നു:" എന്നുള്ള കാര്യവും ചട്ടം 52(v)-ൽ വിശദമായി പറയുന്നുണ്ട്. ഇവിടെയുള്ളത് നമുക്കെല്ലാവർക്കും വ്യക്തമായിട്ടുള്ള കാര്യമാണ്. കേന്ദ്ര അന്വേഷണ ഏജൻസികൾ, സംസ്ഥാനത്തെ ഭരണഘടനാ പദവികൾ വഹിക്കുന്ന രാഷ്ട്രീയ നേതൃത്വത്തിലുള്ള ചിലരുടെ പേരുകൾ പറയാൻ ഈ കേസുകളിൽ കുറ്റാരോപിതരായി റിമാൻഡിൽ കഴിയുന്ന പ്രതികളുടെ മേൽ സമ്മർദ്ദം ചെലുത്തിയതായ വാർത്തകൾ പുറത്തുവന്നിട്ടുണ്ട്. ഇതിന്റെ വോയ്സ് ക്ലിപ്പും സമൂഹ മാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരിക്കുകയുണ്ടായി. മാധ്യമങ്ങളും ചർച്ച ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ഒരു അന്വേഷണ കമ്മീഷന്റെ പരാമർശം വന്നിരിക്കുകയാണ്. അതുകൊണ്ട് ഇ.ഡി. (എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്) ഉദ്യോഗസ്ഥർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു ഹർജി നൽകിയിരുന്നു. ഇതിന്റെ അന്വേഷണ കണ്ടെത്തലുകൾ PMLA കേസ് കൈകാര്യം ചെയ്യുന്ന കോടതിയിൽ മുദ്രവച്ച കവറിൽ സമർപ്പിക്കണമെന്നാണ് ഈ ഹർജിയിൽ ഹൈക്കോടതി എഫ്.ഐ.ആർ. റദ്ദാക്കുമ്പോൾത്തന്നെ പറഞ്ഞ ഒരു കാര്യം. ഇതുസംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും മുദ്രവച്ച കവറിൽത്തന്നെ കോടതിയിൽ സമർപ്പിക്കാൻ

ബഹുമാനപ്പെട്ട ഹൈക്കോടതിതന്നെ ഡയറക്ട് ചെയ്തിരിക്കുന്നു. ആ ഹൈക്കോടതി വിധിക്കെതിരെ ഇ.ഡി. സുപ്രീം കോടതിയിൽ കേസ് കൊടുത്തിട്ടുണ്ട്. ഹൈക്കോടതി വിധിയുടെ പേരിൽ സർക്കാരും അപ്പീൽ നൽകിയിട്ടുണ്ട്. പൂർണമായും ഇത് കോടതിയുടെ പരിധിയിൽ നിൽക്കുന്നതാണ്. അതുകൊണ്ട് കോടതിയുടെ പരിഗണനയിൽ നിൽക്കുന്ന ഒരു വിഷയം അടിയന്തരപ്രമേയത്തെ ആസ്പദമാക്കി ചർച്ച ചെയ്യാൻ പാടില്ല എന്നുള്ള ഈ ചട്ടം പൂർണമായും പാലിക്കപ്പെടണം എന്നുള്ളതാണ് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: റൂൾ 50 പ്രകാരം നൽകിയ നോട്ടീസിന് അനുമതി നിഷേധിക്കുന്നു. .....(ബഹളം)..... ചെയർ റൂൾ ചെയ്തുകഴിഞ്ഞു. ആ വിഷയം ഡിസ്പോസ് ചെയ്തു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ........ (മൈക്ക് ഓഫ്) .......

<u>മി. സ്പീക്കർ</u>: ഒരു വിഷയം ഡിസ്പോസ് ചെയ്തുകഴിഞ്ഞാൽ പിന്നെ സംസാരിക്കുന്നത് ഉചിതമല്ല. .....(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റുനിന്ന്

മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)